LIBRARY ARCHIVES Kerala Legislative Assembly

പങ്കാളിത്ത ശുദ്ധജല വിതരണ ശുചീകരണ പദ്ധതി

44 [1829] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന പങ്കാളിത്ത ശുദ്ധജല വിതരണ ശുചീകരണ പദ്ധതിയുടെ പ്രവർത്തനപുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം ജില്ലകളിൽ എപ്പോൾ ഈ പദ്ധതി നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച സാമ്പത്തിക സഹായത്തിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) പദ്ധതി നടത്തിപ്പിൽ ഏതെല്ലാം ഏജൻസികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് ലോകബാങ്ക് സഹായത്തോടെ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി നടപ്പിലാക്കുന്ന ജനപങ്കാളിത്തമുള്ള ശുദ്ധജല-ശുചിത്വ പദ്ധതി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലായി 78 പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. പദ്ധതി പുരോഗതിയുടെ മദ്ധ്യഘട്ട വിലയിരുത്തലോടെ ആദ്യം പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിച്ച 100 പഞ്ചായത്തുകളുടെ സ്ഥാനത്ത് 150 പഞ്ചായത്തുകൾക്ക് പ്രയോജനം ചെയ്യുന്ന രീതിയിൽ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഇതുവരെ 723 ചെറുകിട ശുദ്ധജല പദ്ധതികൾ പ്രവർത്തനനിരതമാണ്. കൂടാതെ 28,019 പുതിയ കക്കൂസുകളും 11,438 കക്കൂസുകളുടെ നവീകരണവും കൈവരിക്കുകയുണ്ടായി. മുഴുവൻ ജലസംരക്ഷണവും സ്ത്രീശാക്തീകരണവും ഈ പദ്ധതിയുടെ മറ്റ് ഘടകങ്ങളാണ്. പദ്ധതി വിജയകരമായതിനെത്തുടർന്ന് സംസ്ഥാനത്തെ ഇതര ജില്ലകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുവാൻ തീരുമാനിച്ച് പ്രവർത്തനം നടത്തിവരുന്നു.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ 69.27 കോടി രൂപ 59 പഞ്ചായത്തുകൾക്കായി അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

(ഡി) പദ്ധതി നടത്തിപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏജൻസികളുടെ വിശദ വിവരം അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.